മനുഷ്യസേവനത്തിനു സമൂഹത്തിന്റെ മദ്ധ്യത്തിലേക്കിറങ്ങി വരിക

ലീഗ് പ്രവർത്തകരോട് കെ. കെ. എസ്. തങ്ങൾ

പട്ടാമ്പി റെയിഞ്ചിൽ മഹല്ല് ജമാഅത്തുകൾ സംഘടിപ്പിക്കണം

ഒരുമനയൂർ, ഡിസംബർ 3. പട്ടാമ്പി റെയിഞ്ചിലെ മുഴുവൻ മഹല്ല് ജമാഅത്തുകളും സംഘടിപ്പിച്ചു സമസ്ത കേരള സുന്നി യുവജന സംഘത്തിന്റെ കീഴിലാക്കണമെന്നു സമസ്ത കേരള സുന്നി യുവജന സംഘം പട്ടാമ്പി റെയിഞ്ച് കൺവെൻഷൻ അഭ്യർത്ഥിച്ചു.

പട്ടാമ്പി റെയിഞ്ച് കൺവെൻഷൻ ഉൽഘാടനം ചെയ്തുകൊണ്ടു സംസ്ഥാന ജനറൽ സെക്രട്ടറി കെ. കെ. എസ്. തങ്ങൾ പ്രസംഗിക്കുന്നു. സമീപം പി. കെ. അബ്ദുറഹിമാൻ, കെ. മുഹമ്മദ് ഈസ മൗലവി, കെ. കെ. അബൂബക്കർ, വി. കെ. പി. മുഹമ്മദ് കുട്ടി, ഹാജി എന്നിവരെ കാണാം.

പട്ടാമ്പി റെയിഞ്ച് കൺവെൻഷൻ ഉൽഘാടനം ചെയ്തുകൊണ്ടു സംസ്ഥാന ജനറൽ സെക്രട്ടറി കെ. കെ. എസ്. തങ്ങൾ പറഞ്ഞു: മനുഷ്യസേവനത്തിനു സമൂഹത്തിന്റെ മദ്ധ്യത്തിലേക്കിറങ്ങി വരിക എന്നതാണ് ലീഗ് പ്രവർത്തകരുടെ മുന്നിലുള്ള ഏറ്റവും വലിയ കടമ. ഇതിനു ലീഗ് പ്രവർത്തകർ തയ്യാറാകണം. സമൂഹത്തിന്റെ ഓരോ തുറയിലും ലീഗ് പ്രവർത്തകർ ഇറങ്ങിച്ചെന്നു പ്രവർത്തിക്കണം. അതിനു ലീഗ് പ്രവർത്തകർ തയ്യാറാകുമ്പോൾ ലീഗിനെ തകർക്കാൻ ആരുടെയും ഗൂഢാലോചനകൾ വിജയിക്കുകയില്ല. ലീഗിനെ തകർക്കാൻ ഗൂഢാലോചന നടത്തുന്നവർ ഇന്നു